പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണം

*726 [790] ശ്രീ. എൻ. വാസുദേവൻ പിള്ള:

,, എം. വി. രാഘവൻ:

,, പി. ആർ. ശിവൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണ തത്വം ബാധകമാക്കിയിട്ടില്ലാത്തവയായി ഏതെങ്കിലുമുണ്ടോ:

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നു വ്യക്തമാക്കുമോ;

(സി) എന്തുകൊണ്ടാണിവയ്ക്ക് സംവരണം ബാധകമാക്കാത്തതെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ. ബി. സി) കെ. എസ്. ഇ. ബി. യിലേയും കെ. എസ്. ആർ. ടി. സി. യിലേയും ഹൗസിംഗ് ബോർഡിലേയും എല്ലാ തസ്തികകളിലേക്കും കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ് റൂൾസ് 1971 ബാധകമാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വർക്കർ വിഭാഗം ഒഴിച്ച് 700 രൂപ വരെ അടിസ്ഥാന ശമ്പളമുള്ള തസ്തികകളിലേക്കും പി. എസ്. സി. മുഖാന്തിരമാണ് നിയമനം നടത്തുന്നത്. ഈ നിയമനങ്ങളിൽ ഗവൺമെന്റ് സർവ്വീസിൽ ലഭിക്കുന്ന സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. മുകളിൽ സൂചിപ്പിച്ച ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ വർക്കർ വിഭാഗത്തിലേക്കും 700 രൂപയിൽ കൂടുതൽ അടിസ്ഥാന ശമ്പളമുള്ള സൂപ്പർവൈസറിയും മാനേജീരിയലും തസ്തികകളിലേക്കും മാനേജ്മെന്റ് നേരിട്ടാണ് നിയമനം നടത്തുന്നത്. അപ്രകാരമുള്ള നിയമനങ്ങളിലും സർക്കാർസർവ്വീസിലുള്ളതുപോലെതന്നെ സംവരണ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: കോർപ്പറേഷനുകളിലും കമ്പനികളിലും സംവരണതത്വം ബാധകമാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അതിൽ ചില കമ്പനികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നുപോലും പേര് വിളിക്കാതെയാണ് നിയമനം നടത്തിയിട്ടുള്ളത്. ഉദാഹരണത്തിന് ഇലക്ട്രോണിക്സ് കോർപ്പറേഷൻ തന്നെ. ഇതുപോലുള്ള മറ്റു കോർപ്പറേഷനുകളിലും ഏതൊരു വിധത്തിലുള്ള സംവരണതത്വവും നടപ്പിൽ വരുത്തുന്നില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ചിലസ്ഥലങ്ങളിൽ ഈ വ്യവസ്ഥ കർശനമായി പാലിക്കുന്നില്ലെന്ന് ഗവൺമെന്റിന് അറിയാം. 1978 അവസാനത്തിൽ ഗവൺമെന്റ് ഈ കമ്പനികൾക്കെല്ലാംതന്നെ ഒരു സർക്കുലർ അയച്ചിട്ടുണ്ട്. അതനുസരിച്ചും അവർ സംവരണതത്വം പാലിക്കുന്നില്ലെന്നു കണ്ടാൽ അതിനെക്കുറിച്ച് പരിശോധിക്കുന്നതും റിവ്യൂ ചെയ്യുകയും ചെയ്യുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ഗവൺമെൻറ് സംവരണതത്വം പാലിക്കണമെന്നു കമ്പനികളോടു പറഞ്ഞിട്ടും അവർ താന്തോന്നിത്തം നടത്തിയിട്ടുണ്ട്. സർക്കുലർ അയച്ചിട്ടും അവർ ഈ തത്വം നടപ്പിലാക്കുന്നില്ലെങ്കിൽ ഗവൺമെൻറ് എന്തു ചെയ്യാനാണുദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനാവശ്യമായ എന്തുനടപടിയും ഗവൺമെൻറ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എം. കെ. കൃഷ്ണൻ: കമ്പനികളിലും കോർപ്പറേഷനുകളിലും നടക്കുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നേരത്തെതന്നെ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പാലിക്കുന്നില്ലെന്നു മനസ്സിലായതുകൊണ്ടാണ് വീണ്ടും നിർദ്ദേശം നൽകിയത്. ആ നിർദ്ദേശവും പാലിക്കപ്പെടുന്നില്ലെന്നു കണ്ടാൽ റിവ്യൂ നടത്തുവാൻ ഗവൺമെൻറ് തയ്യാറാകുമെന്ന് പറഞ്ഞു. ഈ റിവ്യൂവിനെപ്പറ്റി സംവിധാനം എന്താണ്, സർക്കാർ സർവ്വീസിൽ ഇതുപോലുള്ള കാര്യം പരിശോധിക്കുന്നത് റിവ്യൂ കമ്മിറ്റിയാണ്. ആ റിവ്യൂ കമ്മിറ്റിയുടെ പരിധിയിലാണോ ഈ കാര്യവും വരാൻപോകുന്നത്, എങ്കിൽ ആ കമ്മിറ്റിയെക്കൊണ്ടുതന്നെ പരിശോധിപ്പിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കമ്മിറ്റിയെക്കൊണ്ടുതന്നെ ചെയ്യിക്കുവാൻ പറ്റുമോയെന്നു ഉറപ്പ് പറയുവാൻ പറ്റുകയില്ല. യുക്തമായ സംവിധാനം ഉണ്ടാക്കാം. ഇപ്പോൾ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവൺമെൻറ് ഷെയർ കൂടുതലുള്ള കമ്പനികളിലും സ്ഥാപനങ്ങളിലും സംവരണതത്വം നടപ്പിലാക്കുന്നില്ലെന്നുള്ള പരാതിയുണ്ടായപ്പോൾ സർക്കുലർ അയച്ചുവെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഹൗസിംഗ് ബോർഡിലെ നിയമനം പി. എസ്. സി. ക്ക് വിട്ടുകൊടുക്കണമെന്നു പറഞ്ഞുകൊണ്ട് നിർദ്ദേശം കൊടുത്തപ്പോൾ ആ നിർദ്ദേശം ഒന്നുരണ്ടുകൊല്ലക്കാലം വച്ചുതാമസിപ്പിച്ചു. അതിൽനിന്നും മനസ്സിലാക്കേണ്ടത് ഈ സംവരണതത്വം നടപ്പിലാക്കുന്ന കാര്യത്തിൽ ആത്മാർത്ഥത ഇല്ലായെന്നാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആത്മാർത്ഥത ഇല്ലായെന്നു വിചാരിക്കേണ്ട കാര്യമില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പൊതുമേഖലാസ്ഥാപനങ്ങൾ രൂപീകരിച്ച് അതിലെ നിയമനങ്ങളെല്ലാം നടത്തികഴിഞ്ഞതിനുശേഷമാണ് പി. എസ്. സി. ക്ക് നിയമനാധികാരം വിട്ടുകൊടുക്കുന്നത്. അതുകൊണ്ട് പരിപൂർണ്ണമായ സംവരണതത്വം പാലിച്ചിട്ടില്ലായെന്നുള്ള വസ്തുത പരിഗണിച്ച് ഇനിയുള്ള നിയമനങ്ങൾ ഹരിജനങ്ങൾക്കു മാത്രമായി നൽകുകയും അവരുടെ കോട്ട മുഴുവൻ നൽകുകയും ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കമ്പനികൾ ചിലത് സ്ഥാപിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞതിനുശേഷമാണ് അവിടത്തെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുക്കുന്നത്. അതിനുള്ളിൽ കുറച്ചു നിയമനങ്ങൾ നടന്നുകാണും. എല്ലാ നിയമനങ്ങളും നടത്തിക്കഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞതിനുശേഷമാണ് പി. എസ്. സി. ക്ക് വിട്ടുകൊടുക്കുന്നത് എന്നു പറയുന്നത് ശരിയല്ല. ഓരോ കമ്പനിക്കും വ്യത്യസ്ത നിലപാടുണ്ട്. ഒരു കമ്പനി സ്ഥാപിച്ചുകഴിഞ്ഞാൽ അതിന്റെ നിയമനം കഴിയുന്നതും വേഗം പി. എസ്. സി. ക്ക് വിട്ടുകൊടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും ഫൈനാൻസ് ഡിപ്പാർട്ടുമെന്റും പ്രത്യേകമായി നോക്കി നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജുമെന്റുകളിൽ ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള ബോർഡുണ്ടോ? ഇല്ലെങ്കിൽ എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലേയും ഭരണസമിതിയിലേക്ക് ജീവനക്കാരുടെ പ്രതിനിധികളെ എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തൊഴിലാളികളുടെ പ്രതിനിധികളെക്കൂടി ബോർഡിലേക്ക് തിരഞ്ഞെടുക്കുന്ന പല കമ്പനികളുമുണ്ട്. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും അതില്ല.

ശ്രീ. ഇ. അഹമ്മദ്: പല പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും വളരെക്കാലമായി നിയമനം നടത്തിയിട്ടും സംവരണതത്വം പാലിച്ചില്ലെന്നുള്ള വസ്തുത പരിഗണിച്ച് അങ്ങനെയുള്ള സ്ഥാപനങ്ങളിൽ ഇനിയുള്ള നിയമനം നടത്തുമ്പോൾ സംവരണാനുകൂല്യം ലഭിക്കാത്ത വിഭാഗങ്ങൾക്ക് ആനുകൂല്യം കിട്ടുന്നതുവരെയും ആ വിഭാഗത്തിന് മാത്രം നിയമനം നൽകണമെന്ന് ഗവൺമെന്റ് നിർദ്ദേശിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇപ്പോൾ നൽകിയിട്ടുള്ള നിർദ്ദേശത്തിൽ വിവിധ സമുദായങ്ങളുടെ നിയമനത്തിൽ വന്നിട്ടുള്ള കുറവുകൂടി പരിഗണിച്ചുവേണം പിന്നീട് വരുന്ന നിയമനം നടത്താനെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: നഷ്ടപ്പെട്ട കോട്ട കൊടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നു പറഞ്ഞു. അത് റിവ്യൂ കമ്മിറ്റിയുടെ പരിധിയിൽപ്പെടുത്തികൊണ്ട് ആ നിയമനം നടത്തുന്ന കാര്യത്തിൽ പരിശോധിക്കാൻ അവരെ അധികാരപ്പെടുത്തുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇക്കാര്യങ്ങളെല്ലാം പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന വ്യവസ്ഥയുണ്ട്. അതിനും പുറമേ 1978-ൽ ഗവൺമെന്റ് സർക്കുലറും അയച്ചിട്ടുണ്ട്. ഇതെല്ലാമായിട്ടും ഈ തത്വം നടപ്പാക്കാത്ത കമ്പനി ഉടമസ്ഥൻമാരും മാനേജുമെന്റും നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് പരാതി നിരന്തരമായി ഉയർന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം നടപ്പാക്കാത്ത മാനേജുമെന്റിന്റെ പേരിൽ നിയമപരമായ നടപടിയെടുക്കാനുള്ള എന്തെങ്കിലും വ്യവസ്ഥ ഗവൺമെന്റ് ഉണ്ടാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തത്വം മനപൂർവം നടപ്പാക്കാത്ത ആളുകളുണ്ടെങ്കിൽ തീർച്ചയായും നടപടി നടത്തുന്നതാണ്. 700 രൂപ അടിസ്ഥാനശമ്പളത്തിൽ കവിഞ്ഞ സൂപ്പർവൈസറി മാനേജീരിയൽ പേഴ്സണെ തിരഞ്ഞെടുക്കുമ്പോൾ എപ്പോഴും ഈ തത്വമനുസരിച്ച് നിയമിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നില്ലെന്നുള്ള വസ്തുതയുമുണ്ട്. അങ്ങനെയുള്ള നിയമനങ്ങൾ മാനേജുമെൻറിന് വിട്ടുകൊടുത്തതിൻെറ കാരണവും ഇതുതന്നെയാണ്. പെട്ടെന്ന് പെട്ടെന്ന് പല നിയമനത്തിനും ആളുകളെ വേണം. ഇങ്ങനെയുള്ള ആളുകളെ കിട്ടുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ കുറവുവന്നിട്ടുള്ളത്. ആ കുറവുകൂടി കണക്കിലെടുത്ത് ഭാവിയിൽ നിയമിക്കുന്നതിനുള്ള നടപടി എടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. എ. പരമൻ: നിയമനം പി. എസ്. സി. ക്ക് വിട്ടുകൊടുത്തത് വർക്കേഴ്സ് കാറഗറി ഒഴിച്ചാണ്. വർക്കേഴ്സ് ക്യാറഗറി ഒഴിച്ചുനിർത്തുന്നതുകൊണ്ട് വർക്കേഴ്സ് ക്യാറഗറിയിലേക്ക് സംവരണതത്വം പാലിക്കേണ്ടായെന്നാണ് കമ്പനിക്കാർ വ്യാഖ്യാനിച്ച് നിയമനം നടത്തിയിട്ടുള്ളത്. ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വർക്കേഴ്സ് ക്യാറഗറിയിൽ സംവരണതത്വം പാലിക്കണമെന്ന് ഗവൺമെൻറ് ഇപ്പോൾ വളരെ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മുമ്പ് ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയുള്ള അനുഭവംകൂടി ഉണ്ടായതിൻെറ വെളിച്ചത്തിലാണ് വീണ്ടും ഈ നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. വി. ഈച്ചരൻ: മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂകമ്മിറ്റിയെക്കൊണ്ട് കെ. എസ്. ആർ. ടി. സി. യിലും ഇലക്ട്രിസിറ്റിബോർഡിലും റിസർവ്വേഷൻ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ? ഇവിടെ നിയമിക്കാത്തതിൻെറ പ്രത്യേക കാരണം എന്താണെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പരിശോധിക്കാൻ പറ്റുമോയെന്ന് ഇപ്പോൾ ഉറപ്പു പറയാൻ പറ്റുകയില്ല. ഇതിനെല്ലാംകൂടി വല്ലിയൊരു സംവിധാനം ആവശ്യമാണ്. പൊതുമേഖലാ സ്ഥാപനത്തിൽ ഗവൺമെൻറ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന തത്വം അനുസരിച്ചും സ്റേറ്റുപോളിസി അനുസരിച്ചും നിയമനം നടത്തുന്നുണ്ടോ ഇല്ലയോയെന്നുള്ളതിനെ സംബന്ധിച്ച് റിവ്യൂ സംവിധാനം ഉണ്ടാക്കുന്നതാണ്.

സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി തിരഞ്ഞെടുക്കപ്പെട്ടശേഷം നിയമനം ലഭിക്കാത്തവർ

*727 [791] ശ്രീ. എ. പി. കുര്യൻ:
,, എൻ. സുബ്രഹ്മണ്യഷേണായ്:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി എക്സൈസ് വകുപ്പിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെട്ട ആർക്കെങ്കിലും നിയമനം നൽകാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly